മായ സംതൃപ്തി നൽകണമെങ്കിൽ ഇതെല്ലാം ഒത്തിരുന്നേ പററൂ. ചുരുക്കി പ്പറഞ്ഞാൽ, 'നിർണായകനിമിഷം' വന്നുചേരുമ്പോൾ അതു കടന്നു പിടിക്കാൻ നിങ്ങൾ ജാഗ്രത പുലർത്തണം. അമ്പതു ചിത്രമെടുത്താലും, നിങ്ങൾക്കു വേണ്ട ചിത്രം അവയിൽ ഇല്ലെന്നുവരാം.

'ചുററും കാണുന്ന ജീവിതത്തെ, കാണുന്നപടി രേഖപ്പെടുത്തുന്ന തിൽ മാത്രമേ സത്യസന്ധനായ ഫോട്ടോഗ്രാഫർക്കു താല്പര്യമുള്ളു. തന്റെ വിഷയത്തെ 'പ്രക്ഷോഭകരം' (സെൻസേഷണൽ) ആക്കുവാൻ നല്ല ഫോട്ടോഗ്രാഫർ ഒരിക്കലും ആഗ്രഹിക്കുകയില്ല. ചിത്രം ആകർഷ കമാകണമെങ്കിൽ, അതിന്റെ ചുററും വിസ്തരിച്ചു തുന്നൽപ്പണിചെയ്യുക യൊന്നും വേണ്ട. സത്യം പറയുകയാണു ഫോട്ടോഗ്രാഫറുടെ അടിസ്ഥാന ധർമം. സത്യം പറയുന്നതു്, പക്ഷേ, സാഹിത്യത്തിലെന്നപോലെ, നല്ല ഗദ്യത്തിലോ, ചീത്ത ഗദ്യത്തിലോ ആവാം. ഫോട്ടോഗ്രാഫറുടെ ഗദ്യം നല്ലതായിരിക്കണം. ഏതു കലാസരണിയിലും നിരക്ഷരത മാപ്പു് അർഹിക്കുന്നില്ല.'

നിങ്ങളുടെ കൈയിൽ ഒരു ക്യാമറ ഉണ്ടോ? ഉണ്ടെങ്കിൽ, അതിന്റെ ഷട്ടർ തുറക്കും മുമ്പു്, പ്രശസ്തനായ ഈ ഫോട്ടോഗ്രാഫർ പറഞ്ഞ ഈ കാര്യങ്ങളെപ്പററി ഒരു നിമിഷനേരമെങ്കിലും ചിന്തിക്കുക.

(28 സെപ്റ്റംബർ, 1986)

# 65. ഡോക്ടർ പട്വർധന്റെ മരണം

1986 മെയ് 7—ാം തീയതി രാവിലെ മരിക്കുമ്പോൾ ഡോക്ടർ പട്വർധനു തൊണ്ണൂററിനാലു വയസ്സായിരുന്നു. മരിച്ച വ്യക്തിയുടെ ചരിത്രം മുൻനിർത്തി നോക്കിയാലും, മരിക്കാനുണ്ടായ സാഹചര്യങ്ങൾ മുൻനിർത്തി നോക്കിയാലും, ഡോക്ടർ പട്വർധന്റെ മരണം ഇന്ത്യ യിൽ പരക്കെ പൊതുജനങ്ങളുടെ താല്പര്യം ഉണർത്തേണ്ടതായിരുന്നു. അതുണ്ടായില്ല. കേരളത്തിലെ പത്രങ്ങൾ ഈ മരണത്തെപ്പററി റിപ്പോർട്ടു് ചെയ്തു കണ്ടില്ല. 'ദേശീയ' പത്രങ്ങൾ എന്നറിയപ്പെടുന്ന ഇംഗ്ലീഷ് പത്ര ങ്ങൾതന്നെ, വളരെ പരിമിതമായ സ്ഥലമേ ഈ വാർത്തയ്ക്കു കൊടുക്കു കയുണ്ടായുള്ളു. വായനക്കാരുടെ ഹൃദയങ്ങളെ മഥിക്കുകയും, സമകാല ദുർവ്യവസ്ഥിതിയെപ്പററി ഒരു പുനർവിചിന്തനത്തിനു് അവരെ പ്രേരി പ്പിക്കുകയുംചെയ്യേണ്ട, യഥാർത്ഥത്തിൽ പ്രാധാന്യമുള്ള, വാർത്തകളിൽ താല്പര്യം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു എന്നാണു് ഇതു കാണിക്കുന്നതു്. മന്ത്രിസഭയുടെ പ്രതിച്ഛായ എന്ന അസംബന്ധത്തെപ്പററി ഒമ്പതുമാസം തുടർച്ചയായി ചർച്ച ചെയ്ത നമ്മുടെ പത്രങ്ങളിൽനിന്നു വേറെ എന്തു പ്രതീ ക്ഷിക്കാൻ?

ദാദാസാഹേബ് ഡോക്ടർ ശിവാജിറാവു പട്വർധൻ, ഇപ്പോഴ ത്തെ കർണാടകസംസ്ഥാനത്തിന്റെ ഉത്തരഭാഗത്തു്, ഒരു മഹാരാഷ്ട്ര കുടുംബത്തിൽ, 1892—ൽ ജനിച്ചു. പത്താമത്തെ വയസ്സിൽ അദ്ദേഹത്തി നു് മാതാപിതാക്കൾ നഷ്ടപ്പെട്ടു. 1914—ൽ കൽക്കത്തയിൽനിന്നു ഹോമി യോപ്പതിയിൽ ഡോക്ടർ ബിരുദം അദ്ദേഹം നേടി.

മഹാരാഷ്ട്രത്തിനു് അക്കാലത്തു നേതൃത്വം നൽകിയിരുന്നതു് ഗോഖലേ, തിലക്, അഗർകർ എന്നിവരായിരുന്നു. ഇവരുടെ പ്രേരണ യ്ക്കു കീഴ്പ്പെട്ടു് ഡോക്ടർ പട്വർധൻ ആതുരശുശ്രൂഷയ്ക്കു സ്വയം സമ പ്പിച്ചു. 1915—ൽ അമരാവതി നഗരത്തിൽ ഇൻഫ്ളുവൻസ പരക്കെ

പടർന്നുപിടിച്ചപ്പോൾ പടവർധൻ നൽകിയ സേവനം പ്രസ്താവ്യമാണ്. ചികിത്സയ്ക്കു പുറമേ, ഖാദിപ്രസ്ഥാനം, മദ്യവർജനം, ഹരിജനോദ്ധാരണം എന്നിവയിലും അദ്ദേഹം തല്പരനായി. 1919–ൽ അദ്ദേഹം ശ്രീമതി പാർവതിബായിയെ വിവാഹംചെയ്തു. ഭർത്താവിന്റെ സേവന പ്രസ്ഥാനങ്ങളിൽ ഭാര്യയും മുഴുകി. 1932–ലും 1942–ലും ഡോക്ടർ പടവർധൻ ജയിലിൽ അടയ്ക്കപ്പെട്ടു. ജയിൽവാസക്കാലത്ത് പടവർധൻ സുഭാസ് ചന്ദ്രബോസുമായി പരിചയപ്പെടുകയും, അദ്ദേഹത്തിന്റെ സുഹൃത്തായിത്തീരുകയുംചെയ്തു.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൈവന്നപ്പോൾ ഡോക്ടർ പടവർധൻ രാഷ്ട്രീയം തികച്ചും കൈവിട്ടു കുഷ്ഠരോഗികളെ സേവിക്കുന്നതിൽ മുഴുകി. കുഷ്ഠരോഗചികിത്സയിലും കുഷ്ഠരോഗം മാറിയവരെ പുനരധിവസിപ്പിക്കുന്നതിലും മഹാത്മാഗാന്ധിക്കു വലിയ താല്പര്യമുണ്ടായിരുന്നു. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി മഹാത്മാഗാന്ധി സ്ഥാപിച്ചതാണ് 'ഹിന്ദ് കുഷ്ഠനിവാരണ സംഘം'. രാഷ്ട്രപുനർനിർമാണത്തിൽ അടിസ്ഥാനപരമായ പ്രാധാന്യം കുഷ്ഠനിവാരണത്തിനുണ്ടെന്നു മഹാത്മാഗാന്ധി വിശ്വസിച്ചിരുന്നു. പക്ഷേ, സ്വതന്ത്ര ഭാരത ഗവണ്മെൻറ് ഈ പ്രശ്നത്തെ പൂർണമായും അവഗണിക്കുകയാണുണ്ടായത്. ഫലമോ? ഇന്നു ലോകത്താകെയുള്ള കുഷ്ഠരോഗികളിൽ പകുതിയോളം സ്വതന്ത്രഭാരതത്തിലാണുള്ളത്.

ഡോക്ടർ പടവർധൻ 1950–ൽ മഹാരാഷ്ട്രത്തിലെ അമരാവതി ജില്ലയിൽ 'തപോവൻ' എന്ന പ്രദേശത്ത് 'ജഗദംബാ കുഷ്ഠനിവാസ്' എന്നൊരു സ്ഥാപനം ആരംഭിച്ചു. രോഗമോചനം നേടിയ മുൻ കുഷ്ഠരോഗികളുടെ പുനരധിവാസമെന്ന പ്രശ്നം പര്യാലോചിക്കാൻ 1954–ൽ അദ്ദേഹം വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ അന്ന് രാഷ്ട്രപതിയായിരുന്ന ഡോക്ടർ രാജേന്ദ്രപ്രസാദ് സംബന്ധിച്ചിരുന്നു. കുഷ്ഠനിവാരണരംഗത്ത് അനുഷ്ഠിച്ച സേവനത്തെ ആസ്പദമാക്കി 1956–ൽ ഇന്ത്യാഗവണ്മെൻറ് ഡോക്ടർ പടവർധന് 'പത്മശ്രീ' എന്ന ബഹുമതി നൽകി. കേന്ദ്രഗവണ്മെൻറിന്റെ കുഷ്ഠരോഗ നിർമാർജനക്കമ്മററിയിൽ പടവർധൻ ഒരു അംഗമായി നിയമിക്കപ്പെട്ടു.

കുഷ്ഠരോഗത്തിനു ഫലപ്രദങ്ങളായ ഔഷധങ്ങൾ ഇപ്പോൾ കിട്ടുന്നുണ്ട്. നിരന്തരമായി, രോഗമോചനംവരെ, രോഗികൾ ഈ ഔഷധങ്ങൾ ഉപയോഗിക്കണമെന്നേയുള്ളു. നീണ്ടുനിന്നാൽ സ്ഥിരമായ അംഗവൈകല്യം ഉളവാക്കുന്ന ഒരു രോഗമാണല്ലോ കുഷ്ഠം. ചികിത്സകൊണ്ടു രോഗം പൂർണമായി മാറിയാലും, മുൻരോഗിയിൽ ഈ അംഗവൈകല്യം നിലനില്ക്കും. ഇക്കാരണത്താൽ കുഷ്ഠരോഗികൾ വീടുകളിൽനിന്നും സമുദായത്തിൽനിന്നും പുറംതള്ളപ്പെടുന്നു. അവരെ ജോലിക്കു നിയമിക്കാനോ, അവർ ഉണ്ടാക്കിയ സാധനങ്ങൾ വാങ്ങാനോ, ജനങ്ങൾ തയ്യാറല്ല. അതിനാൽ, കുഷ്ഠരോഗചികിത്സയോളമോ അതിലധികമോ, പ്രാധാന്യം മുൻകുഷ്ഠരോഗികളുടെ പുനരധിവാസത്തിനുണ്ട്.

മുൻകുഷ്ഠരോഗികൾ നിർമിച്ച സാധനങ്ങൾ മഹാരാഷ്ട്ര ഗവണ്മെൻറ് വിലയ്ക്കു വാങ്ങണമെന്ന ആവശ്യം ഉന്നയിച്ച് ഒരു പ്രക്ഷോഭണം ഡോക്ടർ പടവർധനും അനുയായികളും ചേർന്ന് 1982–ൽ ആരംഭിച്ചു. ഇത് അവരെ ജയിലിലെത്തിച്ചു. പിന്നീട് അന്നത്തെ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന ബാബാസഹേബ് ഭോസ്‌ലേ ഡോക്ടർ പടവർധന്റെ ആവശ്യങ്ങൾ അംഗീകരിച്ചു; ഡോക്ടർ പടവർധൻ ജയിലിൽനിന്നു മോചിക്കപ്പെട്ടു.

അന്ത്യനിമിഷംവരെ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിൽ മുഴുകിയിരുന്ന ശ്രീമതി പാർവതീബായി പടവർധൻ 1983–ൽ മരിച്ചു.

'ജഗദംബാ കുഷ്ഠനിവാസി'ന്റെ ചെലവു നടത്തിക്കൊണ്ടുപോവുക പ്രയാസമായിത്തീർന്നപ്പോൾ, 1984—ൽ ഡോക്ടർ പട്വർധൻ ഈ സ്ഥാപനത്തിനുള്ള സഹായധനം വർദ്ധിപ്പിക്കണമെന്നു മഹാരാഷ്ട്ര ഗവണ്മെന്റിനോട് അഭ്യർത്ഥിച്ചു. ഗവണ്മെന്റ് ഈ ആവശ്യം നിരസിക്കുകയാണുണ്ടായതു്. ഇതിനെ തുടർന്നു്, നീണ്ട കത്തിടപാടുകൾക്കുശേഷം, ഡോക്ടർ പട്വർധൻ, താൻ ദീർഘകാലത്തെ അദ്ധ്വാനംകൊണ്ടു പടുത്തുയർത്തിയ സ്ഥാപനം മഹാരാഷ്ട്ര ഗവണ്മെന്റിനു വിട്ടുകൊടുത്തു. അമരാവതി നഗരത്തിൽനിന്നു നാല്പതു കിലോമീററർ അകലെ, 'ചാന്ദൂർ' എന്ന സ്ഥലത്തു പാർക്കുന്ന തന്റെ മകൾ അനന്തായിയുടെ വീട്ടിലേക്കു് അദ്ദേഹം താമസം മാററി.

1986 ഏപ്രിൽ മാസത്തിൽ ഡോക്ടർ പട്വർധൻ മരിക്കാൻ തീരുമാനിച്ചു. ഏപ്രിൽ 3—ാം തീയതി മുതൽ അദ്ദേഹം ഭക്ഷണം ഉപേക്ഷിച്ചു. ഏപ്രിൽ 18—ാം തീയതി മുതൽ, ദിവസേന മൂന്നോ നാലോ സ്പൂൺ വെള്ളം മാത്രമായി അദ്ദേഹത്തിന്റെ ആഹാരം. ഒടുവിൽ അദ്ദേഹം വെള്ളവും കുടിക്കാതായി. വൈദ്യശുശ്രൂഷ അദ്ദേഹം മുമ്പുതന്നെ നിരസിച്ചിരുന്നു.

മെയ് 7—ാം തീയതി, ഡോക്ടർ പട്വർധൻ മരിച്ചു. ചാന്ദൂർ ശ്മശാനത്തിൽ, അനേകം കുഷ്ഠരോഗികളുടെയും കുഷ്ഠരോഗനിവാരണ പ്രവർത്തകരുടെയും സാന്നിധ്യത്തിൽ, ആ വൃദ്ധന്റെ ശരീരം അഗ്നിക്കു സമർപ്പിക്കപ്പെട്ടു.

തൊണ്ണൂററിനാലാം വയസ്സിൽ ഈ സ്വാതന്ത്ര്യസമരസേനാനി എന്തിനു പട്ടിണികിടന്നു മരിച്ചു? 'സകാമമൃത്യു' വരിക്കുന്നതിനു് ഒരു കാരണവും അദ്ദേഹം നൽകുകയുണ്ടായില്ല. 'എനിക്കു ജീവിച്ചുമതിയായി' എന്നാണു് അദ്ദേഹം പറഞ്ഞതു്.

താൻ ജീവിതവ്രതമായെടുത്ത കുഷ്ഠരോഗനിവാരണത്തിൽ മഹാരാഷ്ട്രഗവണ്മെന്റ് കാണിക്കുന്ന ഉദാസീനതയാണോ, ജീവിതം സ്വേച്ഛയാ അവസാനിപ്പിച്ചു മരണം തിരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്?

സംഭവശൃംഖല പരിഗണിക്കുമ്പോൾ, അങ്ങനെ വിചാരിക്കാനാണു ന്യായം കാണുന്നതു്.

രാഷ്ട്രീയസ്വാതന്ത്ര്യം നേടുന്നതിനു മാത്രമായി ഉദ്ദേശിക്കപ്പെട്ട ഒന്നായിരുന്നില്ല ഇന്ത്യൻ ദേശീയപ്രസ്ഥാനം, ശതാബ്ദങ്ങളിലൂടെ നീണ്ടുനിന്ന അടിമത്തംമൂലം സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും ശാരീരികമായും മാനസികമായും ആദ്ധ്യാത്മികമായും അധഃപതിച്ച ജനകോടികളെ ഉദ്ധരിക്കുന്നതിനുള്ള മുൻഉപാധി എന്ന പ്രാധാന്യമേ രാഷ്ട്രീയസ്വാതന്ത്ര്യത്തിനു നമ്മുടെ ദേശീയനേതാക്കൾ കല്പിച്ചിരുന്നുള്ളൂ.

പക്ഷേ, രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നതോടെ, ജനകോടികളുടെ പുനരുദ്ധാരണമെന്ന ലക്ഷ്യം ഇന്ത്യയിൽ വിസ്മരിക്കപ്പെട്ടിരിക്കുന്നു. എന്തു ചെയ്തും അധികാരം നേടുകയും, നേടിയ അധികാരം എന്തു ചെയ്തും കൈവിട്ടുപോകാതെ നോക്കുകയുമെന്നതായിരിക്കുന്നു ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരുടെ ലക്ഷ്യം. ദേശീയപ്രസ്ഥാനത്തിന്റെ മഹത്തായ ആദർശങ്ങൾ ആരും ഓർക്കാതായിരിക്കുന്നു.

കുഷ്ഠരോഗനിവാരണത്തിലും, മുൻകുഷ്ഠരോഗികളുടെ പുനരധിവാസത്തിലും മഹാരാഷ്ട്രഗവണ്മെന്റ് കാണിക്കുന്ന ഉദാസീനതയിൽ പ്രതിഷേധിച്ചാണു് ഡോക്ടർ പട്വർധൻ അദ്ദേഹത്തിന്റെ തൊണ്ണൂററിനാലാം വയസ്സിൽ നിരാഹാരവ്രതമനുഷ്ഠിച്ചു ജീവൻ വെടിഞ്ഞതെന്നാണു വിചാരിക്കേണ്ടതു്.

അതിരിക്കട്ടെ. വൃദ്ധനായ ഈ സ്വാതന്ത്ര്യസമരസേനാനിയുടെ അന്തിമമായ ആത്മത്യാഗം നമ്മളിൽ വല്ല ചലനവുമുണ്ടാക്കിയോ? നമ്മളിൽ എത്രപേർ ഈ വാർത്ത അറിഞ്ഞു? അറിഞ്ഞവരിൽത്തന്നെ എത്രപേർ അതിലടങ്ങിയ ഗൗരവമുള്ള പ്രശ്നത്തെപ്പററി ആലോചിച്ചു?

നിർവികാരതയേക്കാരം വലിയ എന്തൊരു പതനമാണ് ഒരു ജനതയ്ക്കു വരാനുള്ളത്?

(29 ജൂൺ, 1986)

# 66. രാജനാരായണൻ എന്ന സിനിമാ നടൻ

അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ദിരാഗാന്ധിയെ പുറംതള്ളി കേന്ദ്രത്തിൽ അധികാരം പിടിച്ചെടുത്ത ജനതാപാർട്ടി ഗവണ്മെൻറ് ഏതാനും മാസങ്ങൾക്കകം ആഭ്യന്തരങ്ങളായ ഭിന്നിപ്പുകളാൽ ചിതൽപ്പുററുപോലെ തകരുകയാണല്ലോ ഉണ്ടായത്. ഈ തകർച്ചയുടെ ഉത്തരവാദിത്തം മൂന്നുപേർ ഏറെക്കുറെ തുല്യമായി പങ്കിട്ടെടുക്കണം. ഒന്ന്, പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായ്; രണ്ട്, ധനകാര്യമന്ത്രിയായിരുന്ന ചരൺസിംഹ്; മൂന്ന്, ആരോഗ്യമന്ത്രിയായിരുന്ന രാജനാരായണൻ. മൊറാർജി മുരട്ടുവാദംകൊണ്ടും ചരൺസിംഹ് പ്രധാനമന്ത്രിയാവാനുള്ള ദുരാശകൊണ്ടും ഭരണം തകർത്തപ്പോൾ, രാജനാരായണൻ അതു തകർത്തതു വെറും കോമാളിക്കളികൾകൊണ്ടായിരുന്നു.

രാഷ്ട്രീയം തൽക്കാലം വിട്ട് രാജനാരായണൻ ഇപ്പോൾ സിനിമാനടൻ ആയിരിക്കുകയാണ്. സിനിമാനടന്മാരായ എം. ജി. ആറിനും എൻ.ടി.ആറിനും മുഖ്യമന്ത്രിമാരും, സുനീൽ ദത്ത്, അമിതാഭ് ബച്ചൻ, വൈജയന്തിമാല മുതലായവർക്ക് എം. പി. മാരും ആകാമെങ്കിൽ, ചില രാഷ്ട്രീയക്കാർക്ക് എന്തുകൊണ്ടു സിനിമയിലേക്കു കടന്നുപററിക്കൂടാ? ഒരു പാലമിട്ടാൽ അതിലൂടെ അങ്ങോട്ടുമിങ്ങോട്ടും ആവാമല്ലോ ഗതാഗതം. രാഷ്ട്രീയത്തിൽനിന്നു സിനിമയിലേക്കു പോകുന്നവർക്ക് സോഷ്യലിസ്റ്റ് നേതാവും രാംമനോഹർ ലോഹിയയുടെ ശിഷ്യനും നെഹ്റു കുടുംബത്തിൻെറ ആജീവനാന്തശത്രുവും ആയ രാജനാരായണൻ ഉജ്ജ്വലമായ ഒരു മാതൃക കാണിച്ചുകൊടുത്തിരിക്കുന്നു. 'മനു ദി ഗ്രേയ്ററ്' എന്ന ഫിലിമിൽ ഒരു പൂജാരിയുടെ ഭാഗം അഭിനയിച്ചുകൊണ്ടാണ് രാജനാരായണൻ തൻെറ ജീവിതത്തിലെ ഐതിഹാസികമായ 'സിനിമാ—അദ്ധ്യായം' ഉദ്ഘാടനംചെയ്തിട്ടുള്ളത്.

ഇന്ത്യയിൽ ജാതിവ്യവസ്ഥയ്ക്ക് ആധാരമായി കരുതപ്പെടുന്നത് 'മനുസ്മൃതി' എന്ന ധർമശാസ്ത്രഗ്രന്ഥമാണ്. വർണധർമങ്ങളും ആശ്രമധർമങ്ങളും വിസ്തരിച്ചു പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽത്തന്നെ, ജനിക്കുന്ന അവസരത്തിൽ എല്ലാ മനുഷ്യരും ശൂദ്രരാണെന്നും, അവർ ബ്രാഹ്മണരോ ക്ഷത്രിയരോ, വൈശ്യരോ, ആയിത്തീരുന്നത് പിന്നീടു സ്വന്തം പ്രവൃത്തികൾകൊണ്ടാണെന്നും അർത്ഥംവരുന്ന ഒരു പദ്യാർദ്ധം ഉണ്ട്. 'ജന്മനാ ജായതേ ശൂദ്രഃ കർമണാ ജായതേ ദ്വിജഃ' ഈ അര പദ്യത്തെ അടിസ്ഥാനമാക്കി, മനുമഹാരാജാവ് (ഭാരതീയ പാരമ്പര്യമനുസരിച്ച് മനുഷ്യരുടെ ആദ്യത്തെ മഹാരാജാവായിരുന്നു സ്മൃതികർത്താവായ വൈവസ്വതമനു) തൻെറ സ്മൃതിഗ്രന്ഥത്തിലൂടെ ആവിഷ്കരിക്കുന്നതു മാതൃകായോഗ്യമായ സോഷ്യലിസമാണെന്നു സ്ഥാപിക്കുകയാണ് 'മനു ദി ഗ്രേയ്ററ്' എന്ന സിനിമയുടെ ലക്ഷ്യം. ഈ പടത്തിൽ, മനുവിൻെറ